
# കത്തുകൾ




## എന്തിനാണ് ഇത്രയേറെ സമ്മേളനങ്ങൾ?

**കേരളത്തിലെ** മുസ്‌ലിം സംഘടനകൾക്കിടയിൽ വർധിച്ചുവരുന്ന മത്സരമനോഭാവവും അസഹിഷ്ണുതയും സമുദായപുരോഗതിയെ പ്രതികൂലമായി ബാധിക്കുന്ന തലത്തിലേക്ക് വളർന്നിരിക്കുന്നു. കൊല്ലംതോറും പതിനായിരങ്ങളെ പങ്കെടുപ്പിച്ചു സമ്മേളനങ്ങൾ നടത്തി തങ്ങളുടെ ശക്തി തെളിയിക്കാൻ മത്സരിക്കുകയാണ് ഓരോ ഗ്രൂപ്പും. ഓരോ വിഭാഗത്തിനും മാതൃസംഘടന, യുവജന-വിദ്യാർഥി സംഘടന, പണ്ഡിതസഭ എന്നിങ്ങനെ പോഷക ഘടകങ്ങളുണ്ടാവും. വർഷംതോറും ഇവർ മാറി മാറി സമ്മേളനങ്ങൾ നടത്തും. സംഘടനകളുടെ നിയന്ത്രണത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ബിരുദദാനസമ്മേളനങ്ങളും വാർഷികാഘോഷങ്ങളും വേറെ. ഓരോ സമ്മേളനത്തിന്റെയും മുന്നോടിയായി പ്രാദേശികതലം മുതൽ പൊതുയോഗങ്ങളും പ്രചാരണജാഥകളും. മറു വിഭാഗങ്ങൾക്കെതിരെയുള്ള ആക്ഷേപശകാരങ്ങളായിരിക്കും മുഖ്യ പ്രമേയം.

വിദ്യാഭ്യാസ-തൊഴിൽ രംഗങ്ങളിൽ സമുദായത്തിന്റെ പിന്നാക്കാവസ്ഥ കുറഞ്ഞു വരുന്നതിനു പകരം നാൾക്കുനാൾ വർധിച്ചുവരുന്നതോ, വർഗീയ-തീവ്രവാദശക്തികൾ നാടിനെ മൊത്തമായി അപകടപ്പെടുത്തുന്നതോ സംഘടനാ നേതാക്കളെ തെല്ലും അലോസരപ്പെടുത്തുന്നില്ല. ഏതെങ്കിലും കമീഷൻ റിപ്പോർട്ടുകൾ പുറത്തുവരുമ്പോൾ മാത്രം പ്രസ്താവനകളിറക്കി തങ്ങളുടെ സാന്നിധ്യമറിയിക്കുന്നവർ സമുദായിക പുരോഗതിക്കായി ഒരു ക്രിയാത്മക നടപടിയും കൈക്കൊള്ളാറുമില്ല. ഇത്തരം വിഷയങ്ങളോ ചർച്ചകളോ സാധാരണ അവരുടെ സമ്മേളനങ്ങളുടെ അജണ്ടയിൽ സ്ഥലം പിടിക്കുന്നുമില്ല. ഫിഖ്ഹിന്റെ മുടിനാരിഴകീറി സത്യത്തിന്റെ വക്താക്കൾ തങ്ങൾ മാത്രമാണെന്നും മറുപക്ഷത്തുള്ളവർ 'നരകത്തിന്റെ അഹ്‌ലുകാർ' ആണെന്നും സമർഥിക്കാനായിപ്പോകുന്നില്ലേ ഇത്തരം സമ്മേളനങ്ങൾ?

മതസംഘടനകൾ സമ്മേളനങ്ങളോ ആശയപ്രചാരണ പരിപാടികളോ സംഘടിപ്പിച്ചുകൂടെന്നല്ല. അഞ്ചു വർഷത്തിലോ പത്തു വർഷത്തിലോ ഒരിക്കൽ ജില്ലാ -സംസ്ഥാന സമ്മേളനങ്ങൾ ലളിതവും ആരോഗ്യകരവുമായ വിധത്തിൽ സംഘടിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. അവ രാഷ്ട്രീയ പാർട്ടികൾക്കും ഭൗതികപ്രസ്ഥാനങ്ങൾക്കും മാതൃകയാക്കാവുന്ന വിധത്തിൽ മതദർശനങ്ങളുടെ അന്തഃസത്തയുൾക്കൊള്ളുന്നതുമാവണം.

ഇപ്പോൾ നടക്കുന്ന തരത്തിലുള്ള സമ്മേളനങ്ങൾക്കായി വിനിയോഗിക്കുന്ന പണവും അധ്വാനവും സമുദായത്തിന്റെ വിദ്യാഭ്യാസ മേഖലയിലെ മുന്നേറ്റം, തൊഴിൽ പരിശീലനം, സാമൂഹികവും സാമ്പത്തികവുമായ വളർച്ചക്കുതകുന്ന സംരംഭങ്ങൾ എന്നിവക്കായി ചെലവഴിക്കേണ്ടതുണ്ട്. സമുദായ പുരോഗതിക്ക് സർക്കാറിൽനിന്നോ ഇതര ഏജൻസികളിൽനിന്നോ ലഭിക്കുന്ന സഹായവും പിന്തുണയും മാത്രം കാത്തിരിക്കുന്നതിനു പകരം സമസ്ത മേഖലകളിലും സ്വയം പര്യാപ്തത കൈവരിക്കാൻ മഹല്ലുകളെയും അതുവഴി സമുദായാംഗങ്ങളെയും പ്രാപ്തരാക്കേണ്ടതുണ്ട്.

**ബാവ കെ. പാലകുന്ന്, വയനാട്**

## ദിക്റുല്ലായുടെ രാജപാത

**ജമാൽ** കടന്നപ്പള്ളിയുടെ 'ദിക്റുല്ലാഹ്' എന്ന ലേഖനമാണ് (ലക്കം 24) ഈ കത്തിന് പ്രേരകം. 'മൗദൂദികൾ സ്വലാത്തിനും ദിക്റിനും എതിരാണ്'- ഇത് യാഥാസ്ഥിതികർ ഇസ്‌ലാമിക പ്രസ്ഥാനത്തിനെതിരെ നിരന്തരമായി ഉന്നയിക്കുന്ന ആരോപണമാണ്. സാധാരണക്കാരെ എളുപ്പത്തിൽ തെറ്റിദ്ധരിപ്പിക്കാനും അവർക്ക് കഴിഞ്ഞിരിക്കുന്നു. ആ തെറ്റിദ്ധാരണ നീക്കാൻ ഇതുപോലുള്ള ലേഖനങ്ങൾ ഇടക്കിടെ ഉൾക്കൊള്ളിക്കുന്നത് ഉചിതമായിരിക്കും.

പരസ്പരം കണ്ടുമുട്ടുമ്പോൾ, ഭക്ഷണം കഴിക്കുമ്പോൾ, കഴിച്ചതിന് ശേഷം, ഉറങ്ങാൻ കിടക്കുമ്പോൾ, ഉണരുമ്പോൾ, വിസർജന സ്ഥലത്തേക്ക് പ്രവേശിക്കുമ്പോൾ, വാഹനത്തിൽ കയറുമ്പോൾ, രോഗിയെ സന്ദർശിക്കുമ്പോൾ, ഖബ്ർ സന്ദർശിക്കുമ്പോൾ, മിന്നെറിയുമ്പോൾ, ഇടിവെട്ടുമ്പോൾ- ഇങ്ങനെ ഒട്ടനവധി സന്ദർഭങ്ങളിൽ ദിക്റുകളും പ്രാർഥനകളും ഉരുവിടാൻ പ്രവാചകൻ പഠിപ്പിച്ചിട്ടുണ്ട്. ഒരു യഥാർഥ മുസ്‌ലിമിന്റെ ജീവിതം പ്രാർഥനാനിർഭരമാവാതെ തരമില്ല. പക്ഷേ, ആ സ്മരണയും സ്തുതിയും നന്ദി പ്രകടനവുമെല്ലാം ഹൃദയശുദ്ധിയോടെയും പ്രതിഫലേഛയോടെയും ആയിരിക്കണം.

'ദൈവസ്മരണ കൊണ്ടേ ഹൃദയം ശാന്തമാവൂ' എന്ന് ഖുർആൻ. 'എന്നെ ഓർക്കുക, ഞാൻ നിങ്ങളെയും ഓർക്കും. എന്നോട് നന്ദിയുള്ളവരാവുക. നന്ദികെട്ടവരാവാതിരിക്കുക' (2:152). ഇതേ ആശയം ഉൾക്കൊള്ളുന്ന ഒരു ഹദീസ് ഇങ്ങനെ: "എന്റെ ദാസൻ എപ്പോഴാണ് എന്നെ ഓർക്കുന്നത്, അപ്പോൾ ഞാനവന്റെ ഒപ്പമുണ്ടാകും. അവന്റെ ഹൃദയത്തിൽ എനിക്കവൻ ഇടം നൽകുന്നുവെങ്കിൽ എന്റെ ഹൃദയത്തിൽ അവനുമുണ്ടാകും. ഒരു ജനക്കൂട്ടത്തിൽ വെച്ച് അവനെന്നെ സ്മരിക്കുന്നുവെങ്കിൽ അതിനേക്കാൾ വലിയ ആൾക്കൂട്ടത്തിൽ വെച്ച് ഞാനവനെയും സ്മരിക്കും. എന്നോടവൻ ഒരു ചാൺ അടുത്താൽ ഞാനവനോട് ഒരു മുഴം അടുക്കും. എന്നോടവൻ ഒരു മുഴം അടുത്താൽ ഞാനവനോട് ഒരു കാതം അടുക്കും. അവനെന്നിലേക്ക് നടന്നുവരികയാണെങ്കിൽ ഞാനവന്റെ അടുത്തേക്ക് ഓടിച്ചെല്ലും." "എന്നെ ആരെങ്കിലും സ്നേഹിച്ചാൽ,ഞാനവന്റെ കണ്ണും കാതും കരചരണങ്ങളുമായിത്തീരും. അവൻ എന്നോട് എന്താണോ ആവശ്യപ്പെടുന്നത് ഞാനത് കൊടുക്കും. അവന് അഭയമാണ് ആവശ്യമെങ്കിൽ അതും ഞാൻ കൊടുക്കും."

പ്രപഞ്ചനാഥൻ അവന്റെ അനുഗ്രഹത്തിന്റെ കവാടം എപ്പോഴും നമുക്കായി തുറന്നിട്ടിരിക്കുന്നു. ആ കവാടത്തിലേക്ക് പ്രവേശിക്കാൻ നാം തയാറാവുകയേ വേണ്ടൂ.

**റശീദ് വെളിയങ്കോട്, അബൂദബി**

## ആത്മീയവസന്തവും 'ബുദ്ധ'ന്റെ ചിരിയും

**ആത്മീയ** വസന്തത്തെക്കുറിച്ച സമീർ വടുതലയുടെ ലേഖനം ശ്രദ്ധേയമായി. ഇസ്‌ലാമിലെ ആത്മീയത ഇരുട്ടുമുറികളിലെ തപസ്സല്ല. ശിഷ്യന്മാരുമായുള്ള രഹസ്യ ഇടപാടുകളുമല്ല. സമൂഹത്തിൽനിന്നുള്ള ഓളിച്ചോട്ടവുമല്ല. 'എന്റെ സമൂഹത്തിനു വേണ്ടിയത്രെ എന്റെ ദുഃഖം' എന്ന അലി(റ)യുടെ വാക്കുകൾ ആത്മീയമായി ഉയർന്ന വ്യക്തിത്വങ്ങൾ സമൂഹത്തിന്റെ പ്രശ്നങ്ങളിൽ എത്രമാത്രം ഉത്കണ്ഠാകുലരാണെന്ന് വ്യക്തമാക്കുന്നു. കേവല ഭൗതികവാദികൾക്ക് ഈ അനുഭൂതിയുടെയും ചിന്തയുടെയും സൗരഭ്യം ആസ്വദിക്കുന്നതിനുള്ള ഇന്ദ്രിയമില്ല. നന്ദിഗ്രാമുകളിൽ ചോരപ്പുഴയൊഴുകുമ്പോൾ 'ബുദ്ധ'ന്മാർക്ക് ചിരിക്കാൻ കഴിയുന്നത് അതുകൊണ്ടാണ്.

ദൈവമില്ലെന്നും പരലോകം മിഥ്യയാണെന്നും ആർക്കും വാദിക്കാം. കണ്ണടച്ച് എന്തിനെയും നിഷേധിക്കാൻ ബുദ്ധിയുടെ ആവശ്യമുണ്ടോ? എന്നാൽ, അവ യാഥാർഥ്യമാണെന്ന് കണ്ടെത്താനും അവയുടെ ഉണ്മ സ്ഥാപിക്കാനും ചിന്താശക്തിയും അറിവും ആവശ്യമാണ്. മനുഷ്യനെ വസ്ത്രമഴിക്കാൻ പ്രേരിപ്പിച്ച പിശാചിന്റെ പണിയാണ് ഭൗതികവാദികൾ തുടർന്നുകൊണ്ടു പോകുന്നത്. പാശ്ചാത്യ പരിഷ്കാരം ചെന്നെത്തുന്നത് ഈ പതനത്തിലേക്കാണ്.

## മുൻഗാമികളിൽനിന്ന് പഠിക്കേണ്ട പാഠങ്ങൾ

**മുതിർന്ന** പ്രസ്ഥാന പ്രവർത്തകരുടെ അനുഭവങ്ങൾ പ്രസിദ്ധീകരിക്കുന്നത് പുതിയ തലമുറക്ക് പ്രയോജനപ്പെടും. ഭൂപതി അബൂബക്കർ ഹാജി അനുഭവവിവരണത്തിൽ പറഞ്ഞ ഒരു കാര്യം നമ്മെ ചിന്തിപ്പിക്കണം. "ആദ്യകാല പ്രവർത്തകരുടെ ആത്മാർഥതയും ത്യാഗവും എടുത്തു പറയേണ്ടതാണ്. പുതിയ തലമുറയിലെ പ്രവർത്തകർ ആ ചരിത്രം മനസ്സിരുത്തി പഠിക്കേണ്ടതുണ്ട്. വാരാന്ത യോഗങ്ങൾ പ്രവർത്തകർ ഒരിക്കലും നഷ്ടപ്പെടുത്താറുണ്ടായിരുന്നില്ല. എന്തു ത്യാഗം സഹിച്ചും കിലോമീറ്ററുകൾ നടന്നും ഹൽഖാ യോഗങ്ങളിൽ പങ്കെടുക്കും. ജമാഅത്ത് നമസ്കാരത്തിൽ പ്രവർത്തകർ അങ്ങേയറ്റം കണിശത പാലിച്ചിരുന്നു. വിമർശകർ പ്രസ്ഥാനത്തെക്കുറിച്ച് പരിഹാസത്തോടെ പറഞ്ഞിരുന്നതും അതുതന്നെയായിരുന്നു. 'മൗദൂദികളെ നിങ്ങൾക്ക് കണ്ടാലറിയാം. ബാങ്ക് കേട്ടാൽ വെള്ളം കണ്ട പോത്ത് പോകുന്നതുപോലെ അവർ പള്ളിയിലേക്ക് ഓടും." ജമാഅത്ത് നമസ്കാരങ്ങളുടെ കാര്യത്തിൽ പുതിയ തലമുറക്ക് എത്രത്തോളം ശ്രദ്ധയുണ്ട്? പ്രസ്ഥാന പരിപാടികളുടെ ആധിക്യം കാരണം ജമാഅത്തുകൾ നഷ്ടപ്പെട്ടുപോകുന്നുണ്ടോ? ജോലിത്തിരക്കുകൾക്കിടയിൽ വാരാന്തയോഗത്തിനു പോലും പങ്കെടുക്കാൻ നേരമില്ലാത്ത അവസ്ഥയുമില്ലേ? പ്രസ്ഥാന പ്രവർത്തനങ്ങൾക്ക് ജോലി തടസ്സമാണെന്ന് കണ്ടപ്പോൾ, ജോലി വലിച്ചെറിഞ്ഞ മുൻഗാമികളുടെ ജീവിതം നമുക്ക് പാഠങ്ങൾ നൽകുന്നുണ്ട്.

**യഹ്‌യ മേലാറ്റൂർ**

## ടി.കെയുടെ പ്രഭാഷണങ്ങൾ

**ജമാഅത്തെ** ഇസ്‌ലാമി വെബ്സൈറ്റിലെ ഓഡിയോ വിഭാഗത്തിൽ കൂടുതൽ പ്രഭാഷണങ്ങൾ ഉൾപ്പെടുത്തി. ജമാഅത്തെ ഇസ്‌ലാമിയുടെ മേലുള്ള നിരോധനം (1992) സുപ്രീം കോടതി പിൻവലിച്ചതിനെത്തുടർന്ന് ടി.കെ അബ്ദുല്ല സാഹിബ് നടത്തിയ പ്രഭാഷണങ്ങളാണ് ഇവയിൽ ശ്രദ്ധേയം. കൂടാതെ ടി.കെയുടെ ഭൗതികതയുടെ തകർച്ചയും മനുഷ്യവിമോചനവും, ഇസ്‌ലാം 21-ാം നൂറ്റാണ്ടിൽ, മതവും മനുഷ്യനും, നമ്മുടെ പ്രചോദനങ്ങൾ, സമകാലിക സംഭവങ്ങളും മുസ്‌ലിം ലോകവും, ഇസ്‌ലാം ജീവിതദർശനം (ഹിന്ദു-മുസ്‌ലിം ഡയലോഗ്) എന്നീ പ്രഭാഷണങ്ങളും ചേർത്തിട്ടുണ്ട്. മുസ്‌ലിം പ്രതിസന്ധിയും രാഷ്ട്രത്തിന്റെ ഭാവിയും (എ. ആർ), ഇന്ത്യൻ മുസ്‌ലിംകൾ വർത്തമാനം, ഭാവി (ശൈഖ് മുഹമ്മദ് കാരകുന്ന്), സ്ത്രീശാക്തീകരണം ഇസ്‌ലാമിൽ (കെ.ടി അബ്ദുർറഹീം) എന്നിവയാണ് മറ്റു പ്രഭാഷണങ്ങൾ. ഹൽഖാ അമീർ ടി. ആരിഫലി, എം.കെ മുഹമ്മദലി എന്നിവരുടെ ജുമുഅ ഖുത്ബയും സൈറ്റിൽ ലഭ്യമാണ്. ഡൗൺലോഡ് ചെയ്യാനും സൗകര്യമുണ്ട്. **www.jihkerala.org**

ആത്മീയത കച്ചവടച്ചരക്കാക്കുന്ന സിദ്ധന്മാരും പയറ്റുന്നത് ഈ നീചവിദ്യയാണ്. ദൈവികമതം മനുഷ്യനെ വസ്ത്രമുടുപ്പിക്കാനും അവനെ കൂടുതൽ സൗന്ദര്യമുള്ളവനും സംസ്കാരമുള്ളവനും വിവേകമുള്ളവനും കരുണയുള്ളവനുമാക്കാനും ശ്രമിക്കുന്നു. 'ദൈവസ്നേഹത്തിന്റെ അഥവാ ആത്മീയതയുടെ ആവിഷ്കാരം പ്രാർഥനയും കീർത്തനവുമായി, സാഹിത്യവും കലയുമായി, പോരാട്ടവും സേവനവുമായി, നിസ്വരോടുള്ള അനുതാപമായി, സാമൂഹിക ഇടപെടലുകളായി രൂപം പ്രാപിക്കുന്നു' എന്ന വരികൾ ആത്മീയതയെക്കുറിച്ച ശരിയായ വിലയിരുത്തലാണ്. ഇതേ തത്ത്വമാണ് ഇസ്‌ലാമിക പ്രസ്ഥാനം അതിന്റെ ലക്ഷ്യമായി ഭരണഘടനയിൽ ഇങ്ങനെ വ്യക്തമാക്കുന്നത്: 'വ്യക്തിയുടെ പുരോഗതി, സമുദായത്തിന്റെ നിർമാണം, രാഷ്ട്രത്തിന്റെ സംവിധാനം'. ഭൗതികന്മാർക്ക് ഈ ഔന്നത്യം പ്രാപിക്കാനാവില്ല. അവർ ചുരുങ്ങിച്ചുരുങ്ങി 'ഞാൻ, എന്റെ സുഖം' എന്ന മന്ത്രമുരുവിടും. ഭൗതികത മനുഷ്യനെ അവനവനിലേക്ക് ചുരുക്കുന്നു. ദൈവികമതം വിഭാവന ചെയ്യുന്ന ആത്മീയത അവനെ വിശ്വപൗരനാക്കുന്നു.

**കെ.പി ഇസ്മാഈൽ കണ്ണൂർ**

## തെറ്റായ പ്രയോഗം

**'പുരാണവും** ചരിത്ര പുരുഷന്മാരും' എന്ന വിനോദ് കുമാർ എടച്ചേരിയുടെ കത്താണ് (ലക്കം 26) ഈ കുറിപ്പിന് പ്രേരണ. 'ഇന്ത്യയിലെ ഭൂരിപക്ഷം ജനതയായ ഹിന്ദുക്കൾ' എന്നൊരു പ്രയോഗം അതിൽ കാണുന്നു. വാസ്തവമാകട്ടെ, വിനോദ് കുമാർ തന്നെ പറയുന്നതുപോലെ ഹിന്ദു എന്ന മതം ഇല്ല. അതുകൊണ്ടാണല്ലോ വേദഗ്രന്ഥങ്ങളിലൊന്നും അങ്ങനെ ഒരു പദം കാണാത്തത്. ഉള്ളത് സവർണ ആര്യൻ സനാതന മതമാണ്.അതാവട്ടെ ചാതുർവർണ്യത്തിലധിഷ്ഠിതവും, മനുഷ്യരെ വർഗീകരിക്കുന്നതും. അവരുടെ ജനസംഖ്യാനുപാതം പതിനഞ്ച് ശതമാനത്തിൽ താഴെയാണ്. ഉയർന്ന ജാതിക്ക് പുറത്തുള്ള ഭൂരിഭാഗവും മനുഷ്യരായിപ്പോലും ഗണിക്കപ്പെടുന്നില്ല. ഈ വസ്തുതയിലേക്ക് അതേ ലക്കം *പ്രബോധന*ത്തിലെ മുഖക്കുറിപ്പ് വെളിച്ചം വീശുന്നുണ്ട്. 'ഗുജറാത്ത് കൂട്ടക്കൊലയുടെയും കൊള്ളയുടെയും അടിവേര് തേടിപ്പോകുന്നവർ ഒടുവിൽ എത്തിച്ചേരുക ഉച്ചനീചത്വത്തിലും ജാതീയതയിലും അധിഷ്ഠിതമായ ഒരു തത്ത്വശാസ്ത്രത്തിലും സാമൂഹിക വ്യവസ്ഥയിലുമാണ്. സവർണരുടെ ആധിപത്യത്തിലും അവർണരുടെ അടിമത്തത്തിലും വലിയൊരു ജനവിഭാഗം ഇപ്പോഴും ഉറച്ചു വിശ്വസിക്കുന്നുവെന്നതാണ് യഥാർഥ പ്രശ്നം.' വസ്തുത ഇതായിരിക്കെ വിനോദ് കുമാറിനെപ്പോലുള്ളവരെങ്കിലും ഇത്തരം തെറ്റായ പ്രയോഗങ്ങൾ ആവർത്തിക്കുകയില്ലെന്ന് ആശിക്കുന്നു.

**പി.കെ അബ്ദുർറബ്ബ് മുഴപ്പിലങ്ങാട്**

## മടവൂർ സി.എമ്മിനെ വിമർശിക്കും മുമ്പ്

**അബ്ദുല്ലത്വീഫ്** കൊടുവള്ളി, മടവൂർ സി.എം അബൂബക്കർ മുസ്‌ലിയാരെപ്പറ്റി എഴുതിയ കത്ത് (2007 ഡിസംബർ 1) വായിച്ചു. വെല്ലൂർ ബാഖിയാത്തിൽനിന്നും എം.എഫ്.ബി ബിരുദം നേടിയ ശേഷം വർഷങ്ങളോളം മടവൂർ പള്ളിയിൽ ദർസ് നടത്തിയ സി.എം സ്വബോധം നഷ്ടപ്പെടുന്നതു വരെ ഒരു കറാഹത്തുപോലും ചെയ്യാത്ത ഭക്തനായിരുന്നു. പ്രശസ്ത സലഫീ പണ്ഡിതനും കേരള ജംഇയ്യത്തുൽ ഉലമാ അംഗവുമായ അബൂസാജിദ ഫാറൂഖി വർഷങ്ങളോളം അദ്ദേഹത്തിന്റെ ശിഷ്യനായിരുന്നു. കുളിച്ച് ഡ്രസ്സുമാറി എന്നും തഹജ്ജുദ് നമസ്കരിക്കുമായിരുന്ന സി.എം തന്റെ ശിഷ്യന്മാരെയും വൃത്തിയുള്ളവരും ദീനീബോധമുള്ളവരും ആക്കുന്നതിൽ ശ്രദ്ധിച്ചിരുന്നു. പ്രശസ്ത സലഫീ പണ്ഡിതൻ പൊക്കിട്ടാര അഹ്‌മദ് കുട്ടി മുസ്‌ലിയാർ അദ്ദേഹത്തിന്റെ സഹോദരീ ഭർത്താവായിരുന്നു. സി.എമ്മിനെ ചികിത്സിക്കാൻ അദ്ദേഹം നടത്തിയ ശ്രമങ്ങൾ യാഥാസ്ഥിതികർ തടയുകയും ആറു വർഷത്തോളം അവരുടെ നിയന്ത്രണത്തിൽ ഏകാന്തവാസം അനുഭവിക്കേണ്ടിവരികയും ചെയ്തിട്ടുണ്ട്. പിതാവായ കുഞ്ഞായിൻ കോയ മുസ്‌ലിയാർ ശിവപുരം കരിയാത്തൻകാവ് പള്ളിയിൽ മാതൃഭാഷയിൽ ഖുത്ബ നിർവഹിച്ച ഉൽപതിഷ്ണു പണ്ഡിതനായിരുന്നു. അറബി, പേർഷ്യൻ, തമിഴ്, ഉർദു, ഇംഗ്ലീഷ് ഭാഷകൾ കൈകാര്യം ചെയ്തിരുന്ന സി.എം ശുദ്ധ മലയാള ഭാഷയിലാണ് ക്ലാസ്സുകൾ നടത്തിയിരുന്നത് എന്ന് അബൂസാജിദ ഫാറൂഖി അനുസ്മരിക്കുകയുണ്ടായി. സി.എം ഒരു ഖുർആൻ ഗവേഷകൻ കൂടിയായിരുന്നു.

രോഗാവസ്ഥയിൽ സംഭവിച്ച കാര്യങ്ങളെ വിമർശിക്കുന്നത് ശരിയല്ലെന്നാണ് തോന്നുന്നത്. പരേതനായ കുഞ്ഞായൻ കോയ മുസ്‌ലിയാരുടെ ഖബ്റിങ്കൽ ഇന്ന് നടക്കുന്ന യാതൊരു ബിദ്അത്തുകളും സി.എം ജീവിച്ചിരുന്ന കാലത്ത് ഉണ്ടായിരുന്നില്ല എന്നതുതന്നെ അദ്ദേഹം തൗഹീദിന്റെ പ്രചാരകനായിരുന്നു എന്നതിന്റെ തെളിവാണ്. മതം വിറ്റ് ഒരു പൈസ പോലും അദ്ദേഹം സമ്പാദിച്ചിരുന്നില്ല. പുസ്തകത്തിൽനിന്നു ദ്ധരിച്ചു ചേർത്ത കത്തിലെ പരാമർശങ്ങൾ അദ്ദേഹത്തോട് അനാദരവ് ഉണ്ടാക്കുമോ എന്ന് സംശയം തോന്നുന്നു.

**കെ. മൊയ്തീൻ കോയ ശിവപുരം, ബാലുശ്ശേരി**